**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 392** **27-01-2026 - ൽ മറുപടിയ്ക്ക്**

**നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്, ശ്രീ. യു. എ. ലത്തീഫ്, ശ്രീ. പി. ഉബൈദുള്ള , ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് തെരുവു നായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | **ശാസ്ത്രീയമായി പരിശോധിച്ചിട്ടില്ലെങ്കിലും, വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, എ ബി സി സെന്ററുകളുടെ അപര്യാപ്തത, വളർത്തുനായകളെ തെരുവിൽ ഉപേക്ഷിക്കുന്നത് എന്നിവ സംസ്ഥാനത്ത് തെരുവ് നായകളുടെ വർദ്ധനവിന് \| കാരണമായിട്ടുള്ളതായി മനസ്സിലാക്കുന്നു** |
| (ബി) | വളർത്തു നായകളെ തെരുവിൽ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | **നിർബന്ധിത പെറ്റ്ഡോഗ് ലൈസൻസ് എടുക്കുന്നതിനും, നിർബന്ധിത വന്ധ്യംകരണം നടത്തുന്നതിനും കൂടാതെ നായ്ക്കൾക്ക് ചിപ്പ്, ബെൽറ്റ് എന്നിവ ഏർപ്പെടുത്തുന്നതിന് പെറ്റ് ഡോഗ് ലൈസൻസ് റൂൾ തയാറാക്കുന്നു. റൂൾ വരുന്ന മുറയ്ക്ക് നായ്ക്കളെ ഉപേക്ഷിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്. സംസ്ഥാന ജന്തുക്ഷേമ \| ബോർഡിൽ രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ പെറ്റ് ഷോപ്പുകൾ / നായ്ക്കളുടെ ബ്രീഡിങ് നടത്തുന്നതിനുള്ള ലൈസൻസ് നൽകാവൂ എന്ന് എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും, 09.01.2026 ലെ ആർസി1/01/2026/ത. സ്വ. ഭ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (സി) | നായകളെ വളർത്തുന്നതിന് ലൈസൻസ് നേടിയിരിക്കണമെന്ന നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | **നിർബന്ധിത പെറ്റ്ഡോഗ് ലൈസൻസ് എടുക്കുന്നതിനും, നിർബന്ധിത വന്ധ്യംകരണം നടത്തുന്നതിനും കൂടാതെ നായ്ക്കൾക്ക് ചിപ്പ്, ബെൽറ്റ് എന്നിവ ഏർപ്പെടുത്തുന്നതിന് പെറ്റ് ഡോഗ് ലൈസൻസ് റൂൾ തയാറാക്കുന്നു. റൂൾ വരുന്ന മുറയ്ക്ക് നായ്ക്കളെ ഉപേക്ഷിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്. സംസ്ഥാന ജന്തുക്ഷേമ \| ബോർഡിൽ രജിസ്റ്റർ ചെയ്തവർക്ക് മാത്രമേ പെറ്റ് ഷോപ്പുകൾ / നായ്ക്കളുടെ ബ്രീഡിങ് നടത്തുന്നതിനുള്ള ലൈസൻസ് നൽകാവൂ എന്ന് എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും, 09.01.2026 ലെ** |

| | | | |
|---|---|---|---|
| | | | **ആർസി1/01/2026/ത. സ്വ. ഭ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ഡി) | നായകളെ വളർത്തുന്നതിന് എന്തെല്ലാം നിബന്ധനകളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | **നിർബന്ധിത പെറ്റ്ഡോഗ് ലൈസൻസ് എടുക്കുന്നതിനും, നിർബന്ധിത വന്ധ്യംകരണം നടത്തുന്നതിനും കൂടാതെ നായ്ക്കൾക്ക് ചിപ്പ്, ബെൽറ്റ് എന്നിവ ഏർപ്പെടുത്തുന്നതിന് പെറ്റ് ഡോഗ് ലൈസൻസ് റൂൾ തയാറാക്കുന്നു. റൂൾ വരുന്ന മുറയ്ക്ക് നായ്ക്കളെ ഉപേക്ഷിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്. സംസ്ഥാന ജന്തുക്ഷേമ \| ബോർഡിൽ രജിസ്റ്റർ ചെയ്യുവർക്ക് മാത്രമേ പെറ്റ് ഷോപ്പുകൾ / നായ്ക്കളുടെ ബ്രീഡിങ് നടത്തുന്നതിനുള്ള ലൈസൻസ് നൽകാവൂ എന്ന് എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും, 09.01.2026 ലെ ആർസി1/01/2026/ത. സ്വ. ഭ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ